# പാപ്പുവ ന്യൂ ഗിനിയ ഗവർണർ ജനറലുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

2023 മെയ് 22

ഇന്ത്യ-പസഫിക് ദ്വീപുകളുടെ സഹകരണത്തിനായുള്ള (ഫിപിക്) ഫോറത്തിന്റെ മൂന്നാമത് ഉച്ചകോടിയുടെ ഭാഗമായി 2023 മെയ് 22-ന് പോർട്ട് മോറെസ്ബിയിലെ ഗവൺമെന്റ് ഹൗസിൽ വെച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, പാപുവ ന്യൂ ഗിനിയയുടെ (പി.എൻ.ജി.) ഗവർണർ ജനറൽ സർ ബോബ് ദാദയെ സന്ദർശിച്ചു..

2. പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനവേളയിൽ ഗവർണർ ജനറൽ അദ്ദേഹത്തെ പി.എൻ.ജി.-യിലേക്ക് ഊഷ്മളമായി സ്വാഗതം ചെയ്തു.

3. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെയും വികസന പങ്കാളിത്തത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും ഇരു നേതാക്കളും നല്ല കാഴ്ചപ്പാടുകൾ കൈമാറ്റം ചെയ്തു, അത് കൂടുതൽ ശക്തിപ്പെടുത്താൻ അവർ സമ്മതിച്ചു.

**പോർട്ട് മോർസ്ബി**

**2023 മെയ് 22**